**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5433** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ വഴി സ്കൂൾ കുട്ടികൾക്ക് കൺസഷൻ നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ വിദ്യാർഥികൾക്ക് ഓൺലൈൻ വഴി കെ.എസ്.ആർ.ടി.സി. കൺസഷൻ എടുക്കുന്നതിനായി ഏതെങ്കിലും ആപ്പ് സർക്കാർ തലത്തിൽ നിലവിൽ ഉണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള "www.concessionksrtc.com" എന്ന ലിങ്ക് മുഖേനയോ “KSRTC Concession” എന്ന മൊബൈൽ ആപ്ലിക്കേഷൻ മുഖേനയോ, സ്കൂൾ വിദ്യാർഥികൾക്ക്, ഓൺലൈനായി കൺസഷൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ബി) | ഇപ്രകാരം കൺസഷന് വേണ്ടിയുള്ള എത്ര അപേക്ഷകളാണ് നിലവിൽ വകുപ്പിന് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഓൺലൈൻ വഴി 91,867 അപേക്ഷകൾ KSRTC യിൽ ലഭ്യമായിട്ടുണ്ട്. |
| (സി) | അതിൽ തീർപ്പാക്കിയത് എത്ര എന്നും തീർപ്പ് ആക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ; | (സി) | 88,436 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. പുതുതായി ലഭിച്ച അപേക്ഷകളും, വിദ്യാർത്ഥികൾ തുക അടയ്ക്കാൻ ശേഷിക്കുന്ന അപേക്ഷകളും ഉൾപ്പെടെ 3,431 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. |
| (ഡി) | ഓൺലൈൻ വഴി അപേക്ഷ സമർപ്പിച്ച് തുക ഒടുക്കിയാൽ നേരിട്ട് കൺസഷൻ ഡൗൺലോഡ് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ; വിശദമാക്കുമോ? | (ഡി) | റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ (RFID) സാങ്കേതിക വിദ്യയിലധിഷ്ഠിതമായ കാർഡുകളിലേക്ക് പേപ്പർ കാർഡ് കൺസഷനുകൾ പരിവർത്തനം ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നതിനാൽ നേരിട്ട് കൺസഷൻ ഡൗൺലോഡ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ